പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3575 — 12.05.2017 ന് മറുപടിയ്ക്ക്.

## അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്

*ചോദ്യം*

ശ്രീ.പി.കെ.ബഷീർ :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാന തൊഴിൽ വകുപ്പ് ആരംഭി ച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് വ്യക്തമാക്കുമോ;

(എ) & (ബി) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ചെറുപ്പക്കാരുടെ തൊഴിൽ നൈപുണ്യം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി ഇന്ത്യയിലും വിദേശത്തും അവർക്ക് ജോലി ലഭിക്കുവാൻ അവരെ പ്രാപ്തരാക്കുന്ന തരത്തിലുള്ള പരിശീലനം നൽകുന്നതാണ്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസി (KASE) ന്റെ പ്രധാന ഉദ്ദേശ ലക്ഷ്യം. പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ താഴെ പറയുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളും തുടങ്ങിയിട്ടുണ്ട്.

I സെന്റർ ഓഫ് എക്സലൻസ്

1. NICE (നെഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)
2. CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)
3. ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)
4. CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)
5. CEED (സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്)

II ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

III കൗശൽകേന്ദ്രകൾ

V എംപ്ലോയബിലിറ്റി സെന്ററുകൾ

V കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

VI കരിയർ ഡവലപ്മെന്റ് സെന്റർ

അക്രഡിറ്റേഷൻ

കൂടാതെ വിവിധ വ്യവസായ മേഖലകളിൽ നിന്നും ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE അക്രഡിറ്റേഷൻ ലഭ്യമാക്കുന്നു. KASE നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് കോഴ്സുകൾ രൂപ കല്പന ചെയ്ത് പരിശീലനം ലഭ്യമാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടി കൊടുക്കുക എന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നത്.

(സി) പ്രസ്തുത പദ്ധതിയ്ക്ക് കീഴിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

(സി) KASE പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

**മികവിന്റെ കേന്ദ്രങ്ങൾ**

- KGNLA (KASE ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാദമി) എന്ന നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രത്തിൽ ഉടൻ കോഴ്സുകൾ ആരംഭിക്കുന്നതാണ്.
- വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ Green Method Engineering Pvt Ltd മായി ചേർന്ന് തുടങ്ങിയ മികവിന്റെ കേന്ദ്രത്തിലും കോഴ്സുകൾ ഉടൻ ആരംഭിക്കുന്നതാണ്.
- (NICE)-ന്റെ അംഗീകാരം ലഭിച്ച 10 പുതിയ ഹ്രസ്വകാല കോഴ്സുകളും ഉടൻ ആരംഭിക്കുന്നതാണ്.
- സെക്യൂരിറ്റി മേഖലയിലെ മികവിന്റെ കേന്ദ്രമായ CATS -ൽ ഫിസിക്കൽ സെക്യൂരിറ്റി , സൈബർ സെക്യൂരിറ്റി എന്നിവയിലെ അടുത്ത ബാച്ചുകൾ ഉടൻ ആരംഭിക്കുന്നതാണ്
- ടീച്ചിങ്ങ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT -ൽ മൂന്നാമത്തെ ബാച്ച് ക്ലാസുകൾ ഉടനെ ആരംഭിക്കുന്നതാണ്.
- നവസംരംഭങ്ങൾക്കു ആവശ്യമായ നടപടി ക്രമങ്ങളെക്കുറിച്ചും പ്രവർത്തന രീതിയെക്കുറിച്ചും പരിശീലനം ലഭ്യമാക്കുകയും യുവസംരംഭ കർക്ക് ആവശ്യമായ മാർഗ നിർദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുക യും ചെയ്യുക എന്നതു ലക്ഷ്യമിടുന്ന മികവിന്റെ കേന്ദ്രമായ

CEED-ന്റെ പ്രവർത്തനം ജൂൺ 2017 മുതൽ ആരംഭിക്കുന്നതാണ്.

**അക്രഡിറ്റേഷൻ**

- KASE-ന്റെ അക്രെഡിറ്റഡ് സ്ഥാപന ങ്ങളായ ജെ.ഡി.ടി ഇസ്ലാം കോളജ് ഓഫ് ഫിസിയോതെറാപ്പി, ധന്വന്തരി വൈദ്യ ശാല, എത്തിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽ എക്സലൻസ്, ഇൻഫോപ്രിസം, ടെറാഫേം പ്രൊജക്ട്സ്, ഏരീസ് ഇന്റർ നാഷണൽ മാരിടൈം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളുടെ ക്ലാസുകൾ ഉടൻ ആരംഭിക്കുന്നതാണ്.
- SMEC, Induscan എന്നീ അക്രെഡിറ്റഡ് സ്ഥാപനങ്ങളിലെ അടുത്ത ബാച്ചുകളുടെ പ്രവേശനം ഉടൻ ആരംഭിക്കുന്നതാണ്.
- Media and Entertainment മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന Epica Studios (P).Ltd, എന്ന സ്ഥാപനത്തിലേ കോഴ്സുകൾക്ക് അക്രഡിറ്റേഷൻ നൽകും.
- എഞ്ചിനീയറിംഗ് മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന Incaetek, Intercad System Pvt. Ltd എന്നീ സ്ഥാപനങ്ങളിലെ കോഴ്സുകൾക്ക് അക്രഡിറ്റേഷൻ നൽകും.

**എംപ്ലോയബിലിറ്റി സെൻററുകൾ**

- മലപ്പുറം ജില്ലയിലും തൃശ്ശൂർ ജില്ലയിലും എംപ്ലോയബിലിറ്റി സെൻററുകളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കാസർഗോഡ് ജില്ലയിലും എംപ്ലോയബിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള ചർച്ചകൾ നടന്നു വരുന്നു.

**കരിയർ ഡവലപ്മെൻറ് സെൻറർ**

- തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻ കരയിൽ കരിയർ ഡവലപ്മെൻറ് സെൻറർ ഉടൻ പ്രവർത്തനം ആരംഭിക്കും.

**വെബ് അധിഷ്ഠിത ജോബ്പോർട്ടൽ പദ്ധതി**

- നൈപുണ്യവികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും, തൊഴിൽ ദാതാക്കൾക്കും ഒരു പോലെ ഉപയോഗ പ്രദമാകത്തക്ക രീതിയിൽ ഒരു വെബ് അധിഷ്ഠിത ജോബ്പോർട്ടൽ പദ്ധതി ഉടൻ നടപ്പിലാക്കുന്നതാണ്. KASE- നെ കൂടാതെ വ്യവസായ പരിശീലനവകുപ്പ്,

എംപ്ലോയ്മെൻറ് വകുപ്പ്, ഓവർസീസ് എംപ്ലോയ്മെന്റ് ഡെവലപ്പ്മെന്റ് കോർപ റേഷൻ (ODEPC) ഫാക്ടറീസ് & ബോയിലേഴ്സ് എന്നിവരും ഈ പോർട്ടലിൽ പങ്കാളികളാണ്.

**KIIFB (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്) - യുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)**

- 10 ഐ ടി ഐ കളെ രാജ്യാന്തര നിലവാര ത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച Detailed Project Report (DPR ) തയ്യാറാക്കി KIIFB ക്ക സമർപ്പിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ഐ ടി ഐ-കളെ നവീകരിച്ച രാജ്യാന്തര നിലവാര ത്തിലേക്കുയർത്തും.

**DDUGKY (ദീൻ ദയാൽ ഉപാദ്യായ് ഗ്രാമീൺ കൗശല്യ യോജന) പ്രോജക്ടിന്റെ ടെക്നിക്കൽ സപ്പോർട്ട് ഏജൻസി**

- DDUGKY പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച 40 വ്യത്യസ്ത പ്രൊജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസി (PIA) - കളുടെ പ്രൊപ്പോസലുകളെ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ അർഹരായ PIA-കളുടെ ആസ്ഥാനമന്ദിരം, പരിശീലന കേന്ദ്രം എന്നിവ സന്ദർശിച്ച പ്രസ്തുത PIA-കളുടെ പ്രവർത്തനങ്ങളും അനുബന്ധ രേഖകളും പരിശോധിച്ച റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)**

- നിർമ്മാണപ്രവർത്തികൾ പുരോഗമിച്ച വരുന്നു. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളും പൂർത്തിയായിവരുന്നു

Bindu

സെക്ഷൻ ഓഫീസർ